01/12/21



3/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 399(6)/2021 എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3377/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുധീർ. എസ്,
ഐശ്വര്യ,
A8, TC 55/285,
അമൃത നഗർ, കൈമനം,
പാപ്പനംകോട് പി.ഒ, തിരുവനന്തപുരം – 695 018
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അക്കൗണ്ട്സ് ഓഫീസർ,
   കോളേജ് വിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
   സെന്റ്. തോമസ് ഷോപ്പിംഗ് കോംപ്ലക്സ്,
   കടപ്പാക്കട, കൊല്ലം.

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ഡയറക്ടർ,
   കോളേജ് വിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
   സെന്റ്. തോമസ് ഷോപ്പിംഗ് കോംപ്ലക്സ്,
   കടപ്പാക്കട, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 27/10/2021<br>കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിധ്യം: | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുധീർ. എസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 1,2,3,4,6,7,8 എന്നീ ചോദ്യങ്ങൾക്ക് അപ്പീൽ അധികാരി അപൂർണ്ണ വും, അവ്യക്തവും, തെറ്റിദ്ധാരണയുണ്ടാക്കുന്നതുമായ മറുപടിയാണ് നൽകിയ തെന്നും ആയതിനാൽ പ്രസ്തുത ചോദ്യങ്ങൾക്ക് പൂർണ്ണവും വ്യക്തവുമായ വിവ രങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 19.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) G.O(Rt) No. 1691/2018/HEdn. Dt.11.09.2018 സർക്കാർ ഉത്തരവ് നിലവിൽ വന്ന ശേഷം 2020 ജനുവരി 30 വരെയുള്ള കാലയളവിൽ (11.09.2018 – 30.01.2020 വരെ)

(a) എത്ര ജൂനിയർ സീനിയർ ഫിക്സേഷൻ എതിർകക്ഷി ഓഫീസിൽ നിന്നും പാസ്സാക്കി നൽകിയിട്ടുണ്ട് എന്ന് ക്രോഡീകരിച്ചു നൽകുന്നതിനും

(b) പാസ്സാക്കി നൽകിയ ജൂനിയർ സീനിയർ ഫിക്സേഷനിൽ എത്ര എണ്ണം ഒരേ ഡിപ്പാർട്ടുമെന്റ് ആയിരുന്നെന്നും

(c) ജൂനിയർ സീനിയർ ഫിക്സേഷൻ പാസ്സാക്കി നൽകിയവരുടെ അറ്റസ്റ്റഡ് പകർപ്പും

2) G.O(Rt) No. 1691/2018/HEdn. Dt.11.09.2018 സർക്കാർ ഉത്തരവ് നിലവിൽ വന്ന ശേഷം 2020 ജനുവരി 30 വരെയുള്ള കാലയളവിൽ (11.09.2018 – 30.01.2020 വരെ)

(a) എത്ര ജൂനിയർ സീനിയർ ഫിക്സേഷൻ അരിയർ ബില്ലുകൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്നും

(b) എത്ര ജൂനിയർ സീനിയർ ഫിക്സേഷൻ അരിയർ ബില്ലുകൾ എതിർകക്ഷി ഓഫീസിൽ പാസ്സാക്കി നൽകിയിട്ടുണ്ടെന്നും

(c) പാസ്സാക്കി നൽകിയിട്ടുള്ള ജൂനിയർ സീനിയർ ഫിക്സേഷൻ അരിയർ ബില്ലുകളിൽ എത്ര എണ്ണം ഒരേ ഡിപ്പാർട്ടുമെന്റ് ആയിരുന്നെന്നും എന്നു തുടങ്ങി 8 ചോദ്യങ്ങളും അതിൽ കുറെ ഉപചോദ്യങ്ങളുമാണ്.

3. ഹർജിക്കാരന്റെ 19.10.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25.11.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 05.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതായും ടി അപ്പീലിന് 01.01.2021 ൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 29.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള 38 സ്വകാര്യ എയ്ഡഡ് കോളേജുകളാണ് ടി കാര്യാലയത്തിന്റെ പരിധിയിൽ ഉള്ളതെന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയും അപ്പീലപേക്ഷയും വിശദമായി പരിശോധിച്ച് 1, 2, 3, 4, 6, 7, 8 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 30.04.2008 ലെ 3083/SIC-Gen 1/2008 നമ്പർ കത്ത് പ്രകാരം ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് അവകാശമെന്നും വിശദീകരണം, വ്യാഖ്യാനങ്ങൾ, ടിപ്പണികൾ മുതലായവ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, വിവരങ്ങൾ ക്രോഡീകരിച്ചു നൽകുക, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, പരാതിയ്ക്ക് പരിഹാരം ആവശ്യപ്പെടുക എന്നിവ വിവരാവകാശത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല എന്ന് അറിയിച്ചിട്ടുള്ളതാണെന്നും കൂടാതെ ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19.04.2008 ലെ 29388/സി.ഡി.എൻ.5/03/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം 2005 ലെ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഒരു പൊതു അധികാര സ്ഥാപനത്തിൽ ലഭ്യമാണെങ്കിൽ മാത്രം നൽകിയാൽ മതിയാകും എന്നും ഓരോ കോളേജും ഒരു പ്രത്യേക അധികാര സ്ഥാപനമായി കണക്കാവുന്നതാണെന്നും അവിടെയെല്ലാം വിവരം നൽകുന്നതിനായി പ്രത്യേകം ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിട്ടുള്ളതിനാൽ അപേക്ഷകന് ഓരോ പൊതു അധികാര സ്ഥാപനത്തിലും പ്രത്യേകം അപേക്ഷ നൽകി ആവശ്യമായ വിവര

ങ്ങൾ ശേഖരിക്കാവുന്നതുമാണെന്ന് അറിയിച്ചിട്ടുള്ളതാണെന്നും ആയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച രൂപത്തിൽ ലഭ്യമല്ല എന്ന വിവരം അറിയിച്ചതെന്നുമാണ് എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയതായി കാണുന്നില്ല. 27.10.2021 ൽ കമ്മീഷൻ നേരിട്ട് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. മറ്റൊരു ആഫീസുമായി ബന്ധപ്പെട്ട രേഖകൾ ലഭിക്കുന്നതിന് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ടി ഓഫീസിലേക്ക് അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം അയച്ചു നൽകുകയായിരുന്നു വേണ്ടത്. എന്നാൽ അപ്രകാരം ചെയ്യാതെ ടി ആഫീസുകളുടെ വിവരം അറിയിക്കുകയാണ് ചെയ്തത്. ആയത് വിവരാവകാശ നിയമപ്രകാരം തെറ്റായ നടപടിയാണ്. അപ്രകാരം നടപടി കൈക്കൊണ്ട പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 24.09.2010 ലെ Department of Personnel & Training ന്റെ No.F-10/2/2008-IR ഓർഡർ പ്രകാരം പല ഓഫീസുകളിൽ നിന്നായി ലഭിക്കേണ്ട വിവരങ്ങൾ ഒരു ആഫീസിൽ തന്നെ ചോദിക്കുന്ന സന്ദർഭങ്ങളിൽ ഇത്തരം വിവരങ്ങൾ ലഭ്യമായിട്ടുള്ള പബ്ലിക് അതോറിറ്റിയുടെ വിലാസം അപേക്ഷകനെ അറിയിച്ചാൽ മതിയെന്ന നിർദ്ദേശം ഉണ്ടെങ്കിലും നിയമത്തിലെ 22-ാം വകുപ്പിൽ വ്യക്തമാക്കുന്നത് പാർലമെന്റ് പാസ്സാക്കിയ വിവരാവകാശ നിയമത്തിന്റെ വ്യവസ്ഥകൾക്കു വിരുദ്ധമായാണ് ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ആഫീസ് മെമ്മോറാണ്ടമെങ്കിൽ ആയത് നിലനിൽക്കുകയില്ല എന്നാണ്. ബഹു. സുപ്രീം കോടതിയും വിവിധ ഹൈക്കോടതികളും വിവിധ കേസുകളിൽ ഉത്തരവായിട്ടുള്ളത് സെക്ഷൻ 6(3) means that the transfer should only be made to one public authority or to multiple authorities if required section 13 of the General Clauses Act, 1897 stipulates inter alia that in all central legislations and regulations unless there is anything repugnant in the subject or context, words in the singular

shall be include the plural, and vice versa. section 13 of General Clauses Act 1879 enacts a general rule of construction that words in the singular shall include the plural and vice versa.... This principle of law has been well established and applied by the Hon. Supreme Court of India from time to time Viz in K. Satwant singh V State of Punjab 1960 SCR (2) 89, Narashimaha Murthy V Susheela Bhai & others AIR 1996 SC 1826 and J. Jayalalitha V UOI & another AIR 1999 SC 1912 etc. ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരിയുടെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ശരിയല്ല. 6(3) പ്രകാരം ഒന്നിലധികം പബ്ലിക് അതോറിറ്റിക്ക് അപേക്ഷ കൈമാറാവുന്നതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പൊതു അധികാര സ്ഥാനത്തെ എസ്.പി.ഐ.ഒ യ്ക്ക് തീർച്ചയായും 6(3) വകുപ്പു പ്രകാരം അപേക്ഷ കൈമാറ്റം ചെയ്യേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആഫീസുകളിലേക്ക് 6(3) പ്രകാരം അപേക്ഷ അയക്കേണ്ടതാണെന്നും ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം അപ്പീലപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇനം തിരിച്ച് വ്യക്തവും വിശദവുമായ മറുപടി അപ്പീൽ ഹർജികക്ഷിക്ക് അയച്ചു നൽകി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 3-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION